# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *275

16.12.2015-ൽ മറുപടിക്ക്

## തദ്ദേശ സ്ഥാപനങ്ങളിലെ പദ്ധതി ചെലവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. എം.എ. ബേബി<br>ശ്രീ. പി.ടി.എ. റഹിം | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) തദ്ദേശ സ്ഥാപനങ്ങളിലെ പദ്ധതി ചെലവ് അനുവദിക്കുന്നതിന് ബിൽ സിസ്റ്റം നടപ്പിലാക്കാനിടയായ സാഹചര്യം വ്യക്തമാക്കാമോ ;<br><br>ബി) പ്രസ്തുത സിസ്റ്റത്തിന്റെ നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ടോ; | എ) & ബി) ഉപയോഗിക്കാതെ ഭീമമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പബ്ലിക് അക്കൗണ്ടുകളിൽ കിടക്കുന്നുണ്ടായിരുന്നു. സംസ്ഥാന സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തേതിൽ നിന്നും വ്യത്യസ്തമായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പക്കലുള്ള "സാംഖ്യ" കമ്പ്യൂട്ടർ സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന കണ്ടിജന്റ് ബില്ലിനോടൊപ്പം വൗച്ചറുകളും കൂടി ട്രഷറിയിൽ സമർപ്പിക്കുമ്പോൾ പദ്ധതി പണം ലഭ്യമാകുന്ന രീതി ഈ വർഷം നടപ്പിലാക്കിയത്. രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ പദ്ധതിച്ചെലവ് ട്രഷറിയിൽ നിന്നും പിൻവലിക്കുന്നതു സംബന്ധിച്ച് ശുപാർശ തന്നിരുന്നു. ഇത് പദ്ധതി പണ വിനിയോഗത്തിനു യാതൊരു തടസ്സവും സൃഷ്ടിക്കുന്നതായി കാണുന്നില്ല. |
| സി) പ്രസ്തുത സിസ്റ്റത്തിനെതിരെ വ്യാപകമായ പരാതി ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ഇല്ല |

| | |
|---|---|
| ഡി) പ്രസ്തുത രീതി തദ്ദേശ സ്ഥാപനങ്ങളെ ഒരു സർക്കാർ വകുപ്പാക്കി മാറ്റുന്നതാണെന്ന ആക്ഷേപം സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ? | ഡി) തദ്ദേശ സ്ഥാപനങ്ങൾ ഭരണഘടനാനുസൃതമായ പ്രാദേശിക സർക്കാരുകളാണ്. പുതിയ രീതി പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിനെയോ സ്വയംഭരണ പദവിയെയോ ബാധിച്ചിട്ടില്ല. ഒരു സർക്കാർ നയത്തിലൂടെയോ ഉത്തരവിലൂടെയോ അവയെ സർക്കാർ വകുപ്പാക്കി മാറ്റാൻ കഴിയുന്നതല്ല. |

സെക്ഷൻ ഓഫീസർ